**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **12-12-2022 - ൽ മറുപടിയ്ക്ക്**

**നാലുചക്ര വാഹനമുള്ളവർക്കും മുൻഗണനാ വിഭാഗം റേഷൻ കാർഡ് ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റണമെങ്കിൽ കുടുംബാംഗങ്ങൾക്ക് നാലുചക്ര വാഹനം ഉണ്ടായിക്കൂടാ എന്ന ഒരു നിബന്ധനയുള്ളതിനാൽ ഭിന്നശേഷിക്കാരും അംഗപരിമിതരുമായ നിരവധി പേർക്ക് സഞ്ചരിക്കണമെങ്കിൽ നാല് ചക്ര വാഹനം അത്യാവശ്യമാണെന്നിരിക്കെ അർഹരായ നിരവധി പേരുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നതും എന്നാൽ സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ, ഭിന്നശേഷി, ഗുരുതര രോഗബാധ തുടങ്ങി പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച്, ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ